**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1318** **04-02-2019 ൽ മറുപടിക്ക്**

**റവന്യൂ ഭൂമി തിരിച്ചുപിടിക്കുന്നതിനും പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പാട്ടക്കാലാവധി കഴിഞ്ഞതും കോടികൾ വിലമതിക്കുന്നതുമായ 548.4722 ഹെക്ടർ റവന്യൂ ഭൂമി സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും കൈവശപ്പെടുത്തിയിരിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി)യും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എത്ര ഹെക്ടർ ഭൂമിയാണ് ഇത്തരത്തിൽ നൽകിയിട്ടുള്ളതെന്ന് വിവരം ശേഖരിച്ചു വരുന്നു. |
| (ബി) എങ്കിൽ ഏതൊക്കെ ജില്ലകളിൽ എത്ര ഹെക്ടർവീതം റവന്യൂ ഭൂമി ഈ വിധം കൈവശപ്പെടുത്തിയിട്ടുണ്ടെന്നറിയിക്കുമോ; | |
| (സി) പാട്ടക്കുടിശ്ശിക ഇനത്തിൽ സർക്കാരിന് എത്ര കോടി രൂപ ഇതിനകം ലഭിക്കേണ്ടതായിട്ടുണ്ട്; | (സി) പാട്ടക്കുടിശ്ശിക ഇനത്തിൽ സർക്കാരിന് ഏകദേശം ആയിരത്തി ഒരുന്നൂറ് കോടിയോളം രൂപ ലഭിക്കേണ്ടതായിട്ടുണ്ടെന്ന് പ്രാഥമിക വിവരങ്ങളിൽ നിന്നും ബോദ്ധ്യപ്പെടുന്നു. |
| (ഡി) എങ്കിൽ അന്യാധീനപ്പെട്ട റവന്യൂ ഭൂമി തിരിച്ചുപിടിക്കുന്നതിനും പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്നറിയിക്കുമോ? | (ഡി) പാട്ടവ്യവസ്ഥയിൽ സർക്കാർ ഭൂമി ഉപയോഗിക്കുന്നവർ പാട്ട കുടിശ്ശിക വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം പാട്ടകുടിശ്ശിക വരുത്തിയിട്ടുള്ള വ്യക്തികളെയും സ്ഥാപനങ്ങളെയും സംഘടനകളെയും അന്യാധീനപ്പെട്ട റവന്യൂ ഭൂമി തിരിച്ച് പിടിക്കുന്നതിനും ടി വ്യക്തികളെയും നിയമാനുസൃതം നോട്ടീസ് നൽകി സമയബന്ധിതമായി നേരിൽ കേൾക്കുന്നതിനും ഭൂമി തിരിച്ച് പിടിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പാട്ടകുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി സർക്കാർതലത്തിൽ ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണർ കൺവീനറും ധന-നിയമ-റവന്യൂ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായും ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി പാട്ടക്കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**